**പതിനഞ്ചാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

<u>സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്</u>

(2021 ആഗസ്റ്റ് 3-ാം തീയതിയിലെ കാര്യവിവരപ്പട്ടിക കാണുക)

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2021-2022 | | | | | | |
|---|---|---|---|---|---|---|---|---|
| | | 25.01.2021ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 10.06.2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | ( 6) | (7) | (8) | (9) |
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2676,51,78,000 | 78,86,51,000 | 2924,38,84,000 | 59,14,89,000 | 4000,64,72,000 | 98,58,15,000 | 4099,22,87,000 |
| XIX | കുടുംബക്ഷേമം | 175,08,58,000 | ..... | 131,31,43,000 | ..... | 218,85,72,000 | ..... | 218,85,72,000 |

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021 ആഗസ്റ്റ് 2.

എസ്.വി . ഉണ്ണികൃഷ്ണൻ നായർ
സെക്രട്ടറി

(മറുപുറം)

**FIFTEENTH KERALA LEGISLATIVE ASSEMBLY**

Second Session

LIST OF DEMANDS FOR GRANTS TO BE SUBMITTED TO THE VOTE OF THE HOUSE

(Vide List of Business for August 3, 2021)

| Demand Number | Name of Demand | Budget Estimates for 2021-2022 | | | | | | |
|---|---|---|---|---|---|---|---|---|
| | | Amount of Demands for Grants on Account Voted by the House on 25.01.2021 | | Amount of Demands for Grants on Account Voted by the House on 10.06.2021 | | Amount of Demands for Grants to be submitted to the Vote of the House | | |
| | | Revenue (₹) | Capital (₹) | Revenue (₹) | Capital (₹) | Revenue (₹) | Capital (₹) | Total (₹) |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| XVIII | Medical and Public Health | 2676,51,78,000 | 78,86,51,000 | 2924,38,84,000 | 59,14,89,000 | 4000,64,72,000 | 98,58,15,000 | 4099,22,87,000 |
| XIX | Family Welfare | 175,08,58,000 | ..... | 131,31,43,000 | ..... | 218,85,72,000 | ..... | 218,85,72,000 |

Kerala Legislature Secretariat
Thiruvananthapuram
August 2, 2021.

S. V. Unnikrishnan Nair
Secretary.

# <u>പതിനഞ്ചാം കേരള നിയമസഭ</u>

**രണ്ടാം സമ്മേളനം**

**2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റ് സംബന്ധിച്ച ഉപക്ഷേപങ്ങൾ**

(2021 ആഗസ്റ്റ് 3-ാം തീയതി ചർച്ചയ്ക്ക് വരുന്നത്)

| ധനാഭ്യർത്ഥനയുടെ നമ്പർ | | ധനാഭ്യർത്ഥനയുടെ പേര് |
|---|---|---|
| XVIII | | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും |
| XIX | | കുടുംബക്ഷേമം |

**<u>ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും</u>**

**സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 4099,22,87,000 രൂപ**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

| | |
|---|---|
| ധനാഭ്യർത്ഥനാ ലിസ്റ്റിലെ പേജ് 2 - 3 | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് |

ശ്രീ. പി. ഉബൈദുള്ള :

1. (പകർച്ചവ്യാധികളോടൊപ്പം ജീവിതശൈലീരോഗങ്ങളുടെയും പ്രതിരോധപ്രവർത്തനങ്ങൾക്ക് ഉതകുന്ന പ്രാഥമികാരോഗ്യ നയം രൂപീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. അബ്ദുൽ ഹമീദ്. പി. :

2. (ജീവിതശൈലീരോഗങ്ങൾക്കുള്ള മരുന്നുകളുടെ വിലവർദ്ധനവ് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

ശ്രീ. കുറുക്കോളി മൊയ്തീൻ :

3. (കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. അനൂപ് ജേക്കബ് :

4. (കോവിഡ് രോഗികൾക്ക് ചികിത്സ ഏർപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

ശ്രീ. മോൻസ് ജോസഫ് :

5. (സംസ്ഥാനത്തെ കോവിഡ് മരണങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

ശ്രീ. പി. ടി. തോമസ് :

6. (സംസ്ഥാനത്തെ കോവിഡ് മരണങ്ങളുടെ കൃത്യമായ എണ്ണം നിർണ്ണയിക്കുവാൻ ആവശ്യമായ വിവരങ്ങൾ ആരോഗ്യവകുപ്പിന്റെ കൈവശമില്ലാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

7. (സംസ്ഥാനത്തെ കോവിഡ് മരണങ്ങളുടെ എണ്ണം കുറച്ചു കാണിക്കുന്നതിനായി ലോകാരോഗ്യസംഘടനയുടെയും ഇൻഡ്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചിന്റെയും ഗൈഡ്‌ലൈനുകൾ ലംഘിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

ശ്രീ. ടി. ജെ. വിനോദ് :

8. (രോഗിയുടെ മരണകാരണം സാക്ഷ്യപ്പെടുത്തേണ്ട ചുമതല ചികിത്സിച്ച ഡോക്ടറിൽ നിന്ന് ഒഴിവാക്കി സംസ്ഥാനതല വിദഗ്ധ സമിതിയിൽ നിക്ഷിപ്തമാക്കിക്കൊണ്ട് കോവിഡ് മരണങ്ങളുടെ കണക്കിൽ തിരിമറി നടത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

ശ്രീ. സി. ആർ. മഹേഷ് :

9. (കോവിഡ് രണ്ടാംതരംഗത്തിൽ രാജ്യത്ത് ഏറ്റവും അധികം പ്രതിദിന രോഗബാധിതർ ഉള്ള സംസ്ഥാനമായി കേരളം മാറിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :

10. (കോവിഡ് രണ്ടാംതരംഗത്തിൽ ടി. പി. ആർ. നിരക്ക് പത്ത് ശതമാനത്തിൽ താഴെ എത്തിക്കുവാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. റോജി എം. ജോൺ :

11. (കോവിഡ് മഹാമാരിയുടെ മൂന്നാം തരംഗത്തിന്റെ ഭീഷണി നിലനിൽക്കുമ്പോഴും വിപുലമായ തോതിൽ വാക്സിനേഷൻ ഡ്രൈവുകൾ നടത്തുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

12. (കോവിഡ് മൂന്നാം തരംഗത്തെ പ്രതിരോധിക്കുന്നതിന് മുന്നൊരുക്കം നടത്തുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. നജീബ് കാന്തപുരം :

13. (കോവിഡ് മൂന്നാം തരംഗം നേരിടുന്നതിന് മുന്നൊരുക്കങ്ങൾ സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)

ശ്രീ. സനീഷ്കുമാർ ജോസഫ് :

14. (കോവിഡ്മൂലം മരണമടഞ്ഞവരുടെ ആശ്രിതർക്ക് അർഹതപ്പെട്ട ധനസഹായം നിഷേധിക്കപ്പെടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. കെ. ബഷീർ :

15. (കോവിഡും കോവിഡാനന്തര രോഗങ്ങളും മൂലം മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ലഭിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. എ. മജീദ് :

16. (കോവിഡ് ബാധിച്ചുമരിച്ച എല്ലാവരെയും കോവിഡ് മരണത്തിന്റെ കണക്കിൽ ഉൾപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. ഉബൈദുള്ള :

17. (കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ഡോ. മാത്യു കുഴൽനാടൻ :

18. (പോസ്റ്റ്കോവിഡ് രോഗികളുടെ വിദഗ്ധ ചികിത്സക്കായി കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്താതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. യു. എ. ലത്തീഫ് :

19. (സമ്പൂർണ്ണമായി കോവിഡ് വാക്സിനേഷൻ നൽകുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. കെ. എം. അഷ്റഫ് :

20. (ഓൺലൈൻവഴി കോവിഡ് വാക്സിനേഷന് രജിസ്റ്റർ ചെയ്യുന്നവർക്ക് വാക്സിനേഷൻ നൽകാതെ തിരിച്ചയയ്ക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. വി. ഇബ്രാഹിം :

21. (ഓൺലൈൻ വഴി വാക്സിനേഷന് രജിസ്റ്റർ ചെയ്തവരെ ഒഴിവാക്കി മറ്റുള്ളവർക്ക് വാക്സിനേഷൻ നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. സി. വിഷ്ണുനാഥ് :

22. (കോവിഡ് മുന്നണിപ്പോരാളികളായ സർക്കാർ-സ്വകാര്യ മേഖലയിലെ ആരോഗ്യപ്രവർത്തകർക്ക് കൂടുതൽ ആനുകൂല്യങ്ങളും അംഗീകാരവും നൽകുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. സജീവ് ജോസഫ് :

23. (കോവിഡ് മഹാമാരിയുടെ കാലത്ത് സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ആശാവർക്കർമാരുടെ വേതനവും ആനുകൂല്യങ്ങളും ഉയർത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വിൻസെന്റ് :

24. (മെഡിക്കൽ കോളേജ് ആശുപത്രികൾ കോവിഡ് ചികിത്സാ കേന്ദ്രങ്ങളായതിലൂടെ ഗുരുതര രോഗങ്ങൾ ബാധിച്ചവരുടെ ചികിത്സയ്ക്ക് സംവിധാനങ്ങൾ ഇല്ലാതായെന്നും അടിയന്തര സർജറികൾ പോലും മുടങ്ങിയതിലൂടെ നിരവധി പേരുടെ ജീവൻ അപകടത്തിലായതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

25. (മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള വിവിധ ആശുപത്രികളിലെ കേടായ ഉപകരണങ്ങൾ ഉപയോഗക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

26. (കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി വിപുലീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ഡോ. എം. കെ. മുനീർ :

27. (പുതിയ സാംക്രമികരോഗങ്ങൾ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി :

28. (സിക്ക വൈറസ് രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

29. (മലപ്പുറം ജില്ലയിൽ ക്യാൻസർ ചികിത്സാകേന്ദ്രം ആരംഭിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. ഷംസുദ്ദീൻ :

30. (മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസനത്തിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)

**മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ശ്രീമതി കെ. കെ. രമ :

31. വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2210-01-001-99(5) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 28,78,000 രൂപ നീക്കം ചെയ്യേണ്ടതാണ്.

(കോവിഡ് വാക്സിനേഷൻ കേന്ദ്രങ്ങളിലെ തിക്കും തിരക്കും ഒഴിവാക്കുന്നതിനും തദ്ദേശീയരായ ജനങ്ങൾക്ക് അതാത് കേന്ദ്രങ്ങളിൽ വാക്സിൻ നൽകാൻ കഴിയാത്തതുമായ സാഹചര്യം ചർച്ച ചെയ്യുന്നതിന്)

ശ്രീമതി കെ. കെ. രമ :

32. വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2210-01-001-91 എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 15,00,00,000 രൂപ 14,00,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

(കോവിഡ് മരണങ്ങൾ കുറച്ചു കാണിക്കുന്നതിനായി കോവിഡ് മരണങ്ങൾ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. സിദ്ദിഖ് :

33. വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2210-01-001-99(5) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 28,78,000 രൂപ 25,78,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

(സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാനിരക്കുകൾ ഏകീകരിക്കണമെന്ന ഹൈക്കോടതി നിർദ്ദേശത്തിനു വിരുദ്ധമായി മുറിവാടക ഇനത്തിൽ കൂടുതൽ തുക ഈടാക്കാൻ സർക്കാർ ഉത്തരവിറക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. അൻവർ സാദത്ത് :

34. വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2210-01-110-09(09) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 10,00,00,000 രൂപ 9,00,80,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

(മെഡിക്കൽ കോളേജുകളിലെയും ആർ.സി.സി. ഉൾപ്പെടെയുള്ള സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളിലെയും ജീവനക്കാർക്ക് കോവിഡ് രോഗം വ്യാപകമായി പടർന്നു പിടിക്കാനിടയായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീമതി കെ. കെ. രമ :

35. വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2210-01-110-99(5) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 18,16,95,000 രൂപ 10,00,00,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

(സി.എച്ച്.സി.കളിലും പി.എച്ച്.സി.കളിലും മതിയായ ഉപകരണങ്ങളും സ്റ്റാഫും ലഭ്യമല്ലാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. ഷാഫി പറമ്പിൽ :

36. വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2210-05-105-98(5) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 15,48,24,000 രൂപ 15,48,10,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

(കോവിഡ് സാഹചര്യത്തിൽ സർജറികൾ മുടങ്ങിയതിനാൽ പഠനം പ്രതിസന്ധിയിലായ മെഡിക്കൽ പി.ജി. വിദ്യാർത്ഥികളുടെ വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. സണ്ണി ജോസഫ് :

37. വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2210-06-101-49(34) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 3,87,75,000 രൂപ 3,86,75,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

(കോവിഡ്മൂലം മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ ഉൾപ്പെടുത്താതെ അവ്യക്തമായ പട്ടിക പ്രസിദ്ധീകരിച്ചതിലൂടെ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. പി. അനിൽ കുമാർ :

38. വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2210-06-101-49(24) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 1,12,25,000 രൂപ 1,02,25,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

(സി.എഫ്.എൽ.ടി.സി.കളിലും ഡൊമിസിലിയറി കെയർ സെന്ററുകളിലും കോവിഡ് ചികിത്സയ്ക്കായി എത്തുന്നവരുടെ സേവനത്തിന് ആംബുലൻസ് സൗകര്യം ഏർപ്പെടുത്താത്തതിനാൽ ഗുരുതരാവസ്ഥയിലായ രോഗികളെ ബൈക്കിലും മറ്റും വിദഗ്ധ ചികിത്സയ്ക്ക് കൊണ്ടുപോകേണ്ടി വന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

## സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ധനാഭ്യർത്ഥനാ ലിസ്റ്റിലെ പേജ് 2-3

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

39. ശ്രീ. അനൂപ് ജേക്കബ്

## ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം

### സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക 218,85,72,000 രൂപ

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

| | |
|---|---|
| ധനാഭ്യർത്ഥനാ ലിസ്റ്റിലെ പേജ് 4 - 5 | കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 218,85,72,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് |

ഡോ. എം. കെ. മുനീർ :

1. (കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന് )

ശ്രീ. കുറുക്കോളി മൊയ്തീൻ :

2. (കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന് )

ശ്രീ. എ. കെ. എം. അഷ്റഫ് :

3. (ഗ്രാമീണ കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. വി. ഇബ്രാഹിം :

4. (കുടുംബക്ഷേമ കേന്ദ്രങ്ങളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. ഉബൈദുള്ള :

5. (കുടുംബക്ഷേമ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും പ്രതിരോധ കുത്തിവയ്പുകൾ നടത്തുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. ഉബൈദുള്ള :

6. (കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്നും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തണമെന്നുമുള്ള വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി :

7. (ആശാവർക്കർമാർക്ക് പരിശീലനം നൽകി അവരുടെ സേവനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് )

ശ്രീ. അബ്ദുൽ ഹമീദ് പി. :

8. (ഹെൽത്ത് വിസിറ്റർമാരുടെ സേവനം ഉപയോഗിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. എ. മജീദ് :

9. (മിഡ്‌വൈഫുമാർ, ആയമാർ എന്നിവർക്ക് കൂടുതൽ പരിശീലന പരിപാടികൾ നടത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് )

ശ്രീ. പി. കെ. ബഷീർ :

10. (കോവിഡ് വാക്സിനേഷൻ ത്വരിതപ്പെടുത്തുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. ഷംസുദ്ദീൻ :

11. (എല്ലാ സർക്കാർ ആശുപത്രികളിലും ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കാത്ത വിഷയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. യു. എ. ലത്തീഫ് :

12. (മാതൃ-ശിശു സംരക്ഷണ പദ്ധതികൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

ശ്രീ. നജീബ് കാന്തപുരം :

13. (പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :

14. (യാത്ര ചെയ്യാനാകാതെ ഒറ്റപ്പെട്ടുകഴിയുന്ന മുതിർന്ന പൗരന്മാർക്ക് ചികിത്സയും മരുന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. എ. നെല്ലിക്കുന്ന് :

15. (കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)

ശ്രീ. അനൂപ് ജേക്കബ് :

16. (പകൽവീടുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

## മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീമതി കെ. കെ. രമ :

17. കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2211-00-200-94-02(5) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 1,00,000 രൂപ 10,000 രൂപയായി കുറവ് ചെയ്യേണ്ടതാണ്.

(കോവിഡ് കാലയളവിൽ സർക്കാർ ആശുപത്രികളിൽ മറ്റു രോഗങ്ങളുടെ ചികിത്സയ്ക്കായി എത്തുന്നവർക്ക് ചികിത്സ നിഷേധിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്)

## സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ധനാഭ്യർത്ഥനാ ലിസ്റ്റിലെ പേജ് 2-3

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 218,85,72,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ്.

(പൊതുവായി ചർച്ച ചെയ്യുന്നതിന്)

18. ശ്രീ. സനീഷ്കുമാർ ജോസഫ്
19. ശ്രീ. റോജി എം. ജോൺ
20. ഡോ. മാത്യു കുഴൽനാടൻ
21. ശ്രീ. സജീവ് ജോസഫ്
22. ശ്രീ. പി. സി. വിഷ്ണുനാഥ്
23. ശ്രീ. ടി. സിദ്ദിഖ്
24. ശ്രീ. സണ്ണി ജോസഫ്
25. ശ്രീ. ഷാഫി പറമ്പിൽ
26. ശ്രീ. എ. പി. അനിൽ കുമാർ
27. ശ്രീ. അൻവർ സാദത്ത്
28. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
29. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

30. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
31. ശ്രീ. എം. വിൻസെന്റ്
32. ശ്രീ. ടി. ജെ. വിനോദ്
33. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
34. ശ്രീ. സി. ആർ. മഹേഷ്
35. ശ്രീ. പി. ടി. തോമസ്
36. ശ്രീ. മോൻസ് ജോസഫ്
37. ശ്രീ. അനൂപ് ജേക്കബ്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2021 ആഗസ്റ്റ് 2.

**എസ്. വി. ഉണ്ണികൃഷ്ണൻ നായർ**
സെക്രട്ടറി.